പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3182 20.12.2012 ൽ മറുപടിക്ക്

# കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ്: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ഇനത്തിൽ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള മൊത്തം ബില്ലുകളുടെ തുക എത്രയാണെന്ന് വിശദമാ-ക്കുമോ ; | (എ) കരാറുകാരുടെ കുടിശ്ശികയിനത്തിൽ നിരത്തുവിഭാഗത്തിൽ 154.11 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 30,01,20,525 രൂപയും കെട്ടിട വിഭാഗത്തിൽ 6988.25 ലക്ഷം രൂപയുമാണുള്ളത്. |
| (ബി) നടപ്പ് സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി.യുടെ ബഡ്ജറ്റിൽ മൊത്തം വകയിരുത്തിയ തുക എത്ര ; ബഡ്ജറ്റിൽ വകയിരു-ത്തിയ തുകയ്ക്ക് പുറമേ ഭരണാ- നുമതി നല്കിയ വർക്കുകളുടെ എസ്റ്റിമേറ്റ് തുക എത്ര ; | (ബി) നടപ്പ് സാമ്പത്തിക വർഷം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികൾക്കായി പ്ളാൻ ഇനത്തിൽ 541.08 കോടി രൂപയും നോൺ പ്ളാൻ ഇനത്തിൽ 1401.88 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ വർക്കുകൾക്ക് ഭരണാനുമതി നല്കിയിട്ടില്ല.<br>കെട്ടിട വിഭാഗത്തിൽ ബഡ്ജറ്റിൽ മൊത്തം വകയിരുത്തിയ തുക 28604.63 ലക്ഷം രൂപയാണ്. ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.<br>ദേശീയപാതാവിഭാഗത്തിന് ബഡ്ജറ്റിൽ 49.85 കോടി രൂപയാണ് പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ളത്. സെൻട്രൽ റോഡ് ഫണ്ട് പണിയുടെ അനുമതി ഉൾപ്പെടെ ലഭിച്ച വർക്കുകളുടെ എസ്റ്റിമേറ്റ് തുക 68.17 കോടി രൂപയാണ്. |

| | |
|---|---|
| (സി) ഈ വർഷം അവസാനമാകുമ്പോൾ പൂർത്തിയാകുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന മൊത്തം തുക എത്രയായിരിക്കും ; | (സി) നിരത്ത് വിഭാഗത്തിൽ 1500 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ 150 കോടി രൂപയും പ്രതീക്ഷിക്കുന്നു. കെട്ടിട വിഭാഗത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിനനുസരിച്ച് മാത്രമേ ഈ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളു. |
| (ഡി) ബഡ്ജറ്റിൽ കണക്കാക്കിയതിലും കൂടുതൽ ചെലവ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ ;എങ്കിൽ എത്ര കോടി ഈ തുക എങ്ങനെ കണ്ടെത്താനാണുദ്ദേശിക്കുന്നത്; കോൺട്രാക്ടർമാർക്ക് നല്കേണ്ടതായ തുക പൂർണ്ണമായും ഈ വർഷം നല്കുവാൻ സാദ്ധ്യമാണോയെന്ന് വിശദമാക്കുമോ ? | (ഡി) ഉണ്ട്. ഏകദേശം 1650 കോടി രൂപയോളം ഈ ഇനത്തിൽ ചെലവ് പ്രതിക്ഷിക്കുന്നുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുണ്ടാകുന്ന സേവിംഗ്സിൽ നിന്നും അഡീഷണൽ ഓതറൈസേഷൻ വഴിയും കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. കോൺട്രാക്ടർമാർക്ക് നല്കേണ്ടതായ തുക പൂർണ്ണമായും ഈ സാമ്പത്തിക വർഷം നൽകുവാൻ സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ